ജന്മഭൂമി

18 February 2018

# സിഎംഎഫ്ആർഐ വാർഷികാഘോഷം

**കൊച്ചി:** കുട്ടികൾക്ക് ചിത്രരചനയുടെ ബാലപാഠങ്ങൾ പകർന്ന് നൽകി പ്രമുഖ ചിത്രകാരൻ ടി കലാധാരൻ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) വാർഷികദിനാഘോഷ പരിപാടികളുടെ ഭാഗമായാണ് കലാധരൻ സിഎംഎഫ്ആർഐ ജീവനക്കാരുടെ കുട്ടികളെ ചിത്രകല പഠിപ്പിച്ചത്.

സിഎംഎഫ്ആർഐ റിക്രിയേഷൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന വാർഷികദിനാഘോഷം സിനിമ സംവിധായകൻ ജി. മാർത്താണ്ഡനും ടി. കലാധരനും ചേർന്ന് ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. റിക്രിയേഷൻ ക്ലബ്ബ് പ്രസിഡന്റ് ഡോ.വി. കൃപ പ്രസംഗിച്ചു.



**സിഎംഎഫ്ആർഐയുടെ വാർഷികദിനാഘോഷത്തോടനുബന്ധിച്ച് ചിത്രകാരൻ ടി കലാധരൻ കുട്ടികൾ വരച്ച ചിത്രങ്ങൾക്കൊപ്പം**